# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പട്ടികജാതിയിൽപ്പെട്ടവർക്ക് വരുമാന പദ്ധതി

8229 ശ്രീ. എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതിയിൽപ്പെട്ടവർക്കായി 2012-13 വർഷം പ്രഖ്യാപിച്ച 115 കോടി രൂപയുടെ വരുമാന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ അവലോകനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം അറിയിക്കാമോ;

(സി) പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്നും അതിനനുസൃതമായ പ്രയോജനം പട്ടികജാതി സമൂഹത്തിനു ലഭ്യമായിട്ടുണ്ടോ എന്ന കാര്യങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി

8230 ശ്രീ. വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, വി.റ്റി. ബൽറാം
,, പി.എ. മാധവൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വിഭാഗത്തിലെ എത്രപേർ വായ്പ എടുത്തിട്ടുണ്ട്; വായ്പ എഴുതിത്തള്ളുന്നത് സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങൾ പദ്ധതി</u>

8231 ശ്രീ. കെ. അജിത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ എത്ര പട്ടികജാതി കോളനികളെ വീതം ഓരോ വർഷവും ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര കോളനികളിൽ പദ്ധതി പൂർണമായിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കുന്ന വ്യക്തിഗതക്ഷേമ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി സങ്കേതങ്ങളെ തിരഞ്ഞെടുക്കുന്നത് ഏതു വർഷം നടത്തിയ പട്ടികജാതി കോളനികളുടെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിലാണന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മിശ്രവിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ

8232 ശ്രീ. പി.സി. ജോർജ്
" എം.വി. ശ്രേയാംസ് കുമാർ
" റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) മിശ്രവിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികവും സ്ഥിരവരുമാനം ഉണ്ടാക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയിൽ അവസാനമായി വർദ്ധനവ് വരുത്തിയത് എന്നാണ്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് നിലവിൽ നൽകിവരുന്ന തുകയിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപന്റും

8233 ശ്രീമതി ജമീലാ പ്രകാശം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ കഴിഞ്ഞ വർഷത്തെ ലംപ്സം ഗ്രാന്റും സ്റ്റൈപന്റും കൊടുത്തു തീർത്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ഈ അദ്ധ്യയനവർഷത്തെ ലംപ്സം ഗ്രാന്റും സ്റ്റൈപന്റും മുടക്കം കൂടാതെ കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി

8234 ശ്രീമതി ജമീലാ പ്രകാശം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കഴിഞ്ഞ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെയും ദളിത് ക്രൈസ്തവരുടെയും കടങ്ങൾ എഴുതിത്തള്ളുന്നതു സംബന്ധിച്ച് ഒരു സ്കീം പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

( സി) ഈ പദ്ധതിയനുസരിച്ച് എത്ര പട്ടികജാതിക്കാരുടെയും എത്ര പട്ടികവർഗ്ഗക്കാരുടെയും എത്ര ദളിത് ക്രൈസ്തവരുടെയും കടങ്ങൾ ഏതൊക്കെ വർഷങ്ങളിലായി എഴുതിത്തള്ളിയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ദളിത് ക്രൈസ്തവരുടെ കടങ്ങൾ ഒന്നും എഴുതിത്തള്ളിയിട്ടില്ല എന്ന പരാതി ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

( ഇ) എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ജി) ദളിത് ക്രൈസ്തവരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറാകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

8235 ശ്രീ. രാജു എബ്രഹാം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ജാതി സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ കുലത്തൊഴിൽ വൈദഗ്ധ്യം പ്രകടമാക്കണം എന്നാവശ്യപ്പെട്ട ഇരുട്ടി തഹസിൽദാരുടെ നിലപാട് സംബന്ധിച്ച് വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെടുന്ന ആളാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് കിർത്താഡ്സ് ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(ഡി) മിശ്ര വിവാഹിത ദമ്പതികളുടെ ഒരു പങ്കാളി പട്ടികജാതിയിലുൾപ്പെട്ടതാണെങ്കിൽ ഇവർക്ക് പട്ടികജാതി ആനുകൂല്യം നൽകുന്നതു സംബന്ധിച്ച് ഏതെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കോടതിയാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിധിയിൽ അപാകതകളുണ്ടെങ്കിൽ ആയത് പരിഹരിച്ച് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം

8236 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് ധനസഹായം നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) നിലവിൽ നൽകിവരുന്ന തുക അപര്യാപ്തമാണെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഭൂരഹിത-ഭവനരഹിത പദ്ധതി</u>

8237 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, വി.പി. സജീന്ദ്രൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴക്കൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

( എ ) ഭൂരഹിത-ഭവനരഹിത പദ്ധതി പ്രകാരം ഈ സർക്കാർ പട്ടികജാതിക്കാരായ എത്ര ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി നൽകിയിട്ടുണ്ട്;

(ബി ) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു;

(സി ) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം എത്ര രൂപയാണ്;

(ഡി ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് നൽകിവന്ന ധനസഹായം എത്ര രൂപ വീതമായിരുന്നു; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഭവന രഹിതർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം

8238 ശ്രീ. വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് വീടുകൾ നൽകുന്നതിന് നടപടി

8239 ശ്രീ. ബി.ഡി.ദേവസ്സി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പുറമ്പോക്കുകളിൽ കഴിഞ്ഞ അമ്പത് വർഷത്തിലധികമായി താമസിച്ച് വരുന്ന പട്ടികജാതി വിഭാഗക്കാരായ അപേക്ഷകർക്ക് കൈവശരേഖയുടെ അടിസ്ഥാനത്തിൽ വീടുകൾ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി നിയമ നിർമ്മാണമടക്കമുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം</u>

8240 ശ്രീ. ഇ. ചന്ദ്രശേഖരൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

പട്ടികജാതി വികസന വകുപ്പ് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം എത്ര പേർക്ക് അനുവദിച്ചുവെന്നും ആകെ എത്ര തുക അനുവദിച്ചുവെന്നും വിശദീകരിക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര  മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതിക്കാർ</u>

8241 ശ്രീമതി പി. അയിഷാ പോറ്റി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കൊട്ടാരക്കര  മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ഭവനനിർമ്മാണത്തിന് എന്തെല്ലാം പാദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(സി) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ചടയമംഗലം  മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്കായിട്ടുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ</u>

8242 ശ്രീ. മുല്ലക്കര രത്നാകരൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

ഈ സർക്കാർ അധികാരമേറ്റശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായിട്ടുള്ള വ്യക്തിഗത ആനുകൂല്യം എത്രപേർക്ക് ലഭിച്ചുവെന്നും ഇതിനായി എത്ര തുക നൽകിയെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതി</u>

8243 ശ്രീ. മുല്ലക്കര രത്നാകരൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

ഈ സർക്കാർ അധികാരമേറ്റ ശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമെന്നും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ;

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പട്ടികജാതി ക്ഷേമവകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

8244 ശ്രീ. ഇ. ചന്ദ്രശേഖരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതിക്ഷേമ വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ നടപ്പാക്കിയ ഓരോ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

നഗരൂർ ഒറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ 'സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം'

8245 ശ്രീ. ബി. സത്യൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നഗരൂർ ഗ്രാമപഞ്ചായത്തിലെ 'ഇടവനക്കോണം' ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 'ഞായലിൽ ' എന്നീ പട്ടികജാതി കോളനികളെ 'സ്വ യം പര്യാപ്ത പട്ടികജാതിഗ്രാമം' പദ്ധതിയിലുൾപ്പെടുത്തി നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും എന്തു തുക വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ</u>

8246 ശ്രീ. റ്റി.വി. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ടെന്നും എത്ര കുടുംബങ്ങളാണ് പ്രസ്തുത കോളനികളിലുള്ളതെന്നും വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ;

(ബി) കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്നുള്ള വിശദാംശം നൽകാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വിജ്ഞാൻവാടി</u>

8247 ശ്രീ. ബി. സത്യൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് വിജ്ഞാൻവാടി സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര വിജ്ഞാൻവാടികൾ സ്ഥാപിയ്ക്കുന്നുണ്ടെന്നും, അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി കോളനികൾ കൂടുതലുള്ള ആറ്റിങ്ങൽ മേഖലയിൽ വിജ്ഞാൻവാടികൾ സ്ഥാപിയ്ക്കുന്നതിന് മുൻഗണന നൽകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വിജ്ഞാൻവാടികളെ അക്ഷയ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാൻ നടപടി

8248 ശ്രീ. അൻവർ സാദത്ത്

**താഴെ കാണുന്ന ചോദ്യത്തിന്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

പട്ടികജാതി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള വിജ്ഞാൻവാടികളെ അക്ഷയ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്</u>

T8249 ശ്രീ. എം. ചന്ദ്രൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പാലക്കാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതുമേഖലയിൽ തന്നെ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെ നിയമനം നൽകിയവരുടെ പേരു വിവരവും തസ്തികകളും പ്രത്യേകം വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ മെഡിക്കൽ - എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിച്ച പട്ടികജാതി വിഭാഗം കുട്ടികൾ</u>

8250 ശ്രീ. എ. കെ. ബാലൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ - എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര പട്ടികജാതി വിഭാഗം കുട്ടികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ട്യൂഷൻ ഫീസിന് പുറമെ മറ്റ് എന്തെല്ലാം സാമ്പത്തിക ആനുകൂല്യങ്ങളാണ് ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് തിരികെ ലഭിക്കുന്ന ഡിപ്പോസിറ്റ് തുക ഇനത്തിൽ പട്ടികജാതി വികസന വകുപ്പ് തുക അനുവദിക്കാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം വിവിധ സ്വകാര്യ പ്രൊഫഷണൽ കോളേജുകൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം

8251 ശ്രീ. എ. കെ. ബാലൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനത്തിന് പട്ടികജാതി വിഭാഗം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്രപേർക്ക് സാമ്പത്തിക സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പരിശീലനത്തിന് സാമ്പത്തിക സഹായം നൽകിയ എത്രപേർ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനം നേടിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ട്യൂഷൻ ഫീസ്

8252 ശ്രീ. വി. ശശി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലം പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്നതിന് ട്യൂഷൻ ഫീസ് ഇനത്തിൽ നൽകിയിട്ടുള്ള തുക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലം സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഇനത്തിൽ എത്ര തുക എം.ബി.ബി.എസ്., ബി.ഡി.എസ്. പഠനത്തിന് നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ  മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്</u>

8253 ശ്രീ. എ. കെ. ബാലൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് പോളിടെക്നിക് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പോളിടെക്നിക് ആരംഭിച്ചത് എപ്പോഴാണെന്നും കോഴ്സുകൾക്ക് എ.ഐ.സി.റ്റി.എ. അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഏതെല്ലാം ഡിപ്ലോമാ കോഴ്സുകളാണ് നിലവിലുള്ളതെന്ന് പറയാമോ;

(സി) പോളിടെക്നിക്കിനു വേണ്ട കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, ഹോസ്റ്റൽ എന്നിവ സജ്ജീകരിച്ചിട്ടുണ്ടോ;

(ഡി) ഈ അധ്യയന വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് പട്ടികജാതി വികസന വകുപ്പിന്റെ ബജറ്റ് സപ്പോർട്ടോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി ബിൽ</u>

8254 ശ്രീ. ആർ. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ വൈദ്യുതി ബിൽ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ബിൽ കുടിശ്ശിക അടയ്ക്കാത്തതിന്റെ ഭാഗമായി പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ;

(ബി) മാവേലിക്കര കരിമുളയ്ക്കൽ പ്രീമെട്രിക് ഹോസ്റ്റലിലെ വൈദ്യുതി കണക്ഷൻ 2014 ജൂൺ 2-ന് വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെ സംബന്ധിച്ച് അടിയന്തരമായി അന്വേഷിക്കുമോ ;

(സി) പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതിബിൽ കുടിശ്ശിക അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഫയർസേഫ്റ്റി എൻജിനീയറിംഗ് കോഴ്സിലെ സംവരണം

8255 ശ്രീ. പുരുഷൻ കടലുണ്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കെൽട്രോൺ ഈ വർഷം ആരംഭിച്ച ഫയർ & സേഫ്റ്റി എൻജിനീയറിംഗ് കോഴ്സിൽ പട്ടികജാതിക്കാർക്ക് സംവരണം ഏർപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സിൽ പട്ടികജാതിക്കാർക്ക് നിയമപരമായ സംവരണം ഏർപ്പെടുത്താൻ നിർദ്ദേശിക്കാമോ ;

(സി) പ്രസ്തുത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസിനത്തിൽ ധനസഹായം അനുവദിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കേരളാധീശ്വപുരം ഐ.ടി.സി.

8256 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) താന്നൂർ നിയോജകമണ്ഡലത്തിലെ കേരളാധീശ്വപുരം ഐ.ടി.സി.യിൽ നിലവിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കാലാനുസൃതമായ ഏതെല്ലാം പുതിയ കോഴ്സുകൾ പ്രസ്തുത ഐ.ടി.സി.യിൽ ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഐ.ടി.ഐ.സ്ഥാപന മേധാവിയുടെ തസ്തികയുടെ പേര്

8257 ശ്രീ. കെ. അജിത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിലെ മേധാവിയുടെ തസ്തികയുടെ പേര് എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളുടെ സ്ഥാപന മേധാവിയുടെ ഔദ്യോഗിക പേരും, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിലെ സ്ഥാപന മേധാവിയുടെ ഔദ്യോഗിക പേരും വ്യത്യസ്തമായി നിലനില്ക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

8258 ശ്രീ. രാജു എബ്രഹാം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുൾപ്പെടെ ലഭിക്കുന്ന സ്റ്റൈപന്റ് , ലംപ്സംഗ്രാന്റ് എന്നിവ എത്രവീതമെന്ന് കോഴ്സുകളുടെ ഇനംതിരിച്ച് വ്യക്തമാക്കാമോ; ഈ തുക എന്നുമുതലാണ് നൽകിവരുന്നത്; ഇതുകൂടാതെ മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ വിഭാഗം വിദ്യാർത്ഥികൾക്കു ലഭിക്കുന്നത്;

(ബി) പട്ടികവിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയാണെങ്കിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്നു വിശദമാക്കാമോ; സ്വന്തമായി ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിച്ചുള്ള പഠനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത തുകകൾ വർദ്ധിപ്പിച്ചു നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കായി എന്തൊക്കെ പ്രത്യേക ആനുകൂല്യമാണ് നൽകിവരുന്നത്; എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലാപ്ടോപ്പുകളുടെ വിതരണം കഴിഞ്ഞ അക്കാദമിക് വർഷം നടപ്പാക്കിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇതേവരെ വിതരണം ചെയ്യാൻ കഴിയാത്തത്; എന്നത്തേക്ക് ഇവ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനപ്പരീക്ഷകൾക്കും, അഖിലേന്ത്യാ സർവ്വീസ് പരീക്ഷകൾ ഉൾപ്പെടെയുള്ള മൽസര പരീക്ഷകളിലും പങ്കെടുക്കുന്നതിന് പരിശീലനം നൽകാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനം

8259 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി സ്വകാര്യ മേഖലക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ

8260 ശ്രീ. വർക്കല കഹാർ

,, സണ്ണി ജോസഫ്

,, എം. പി. വിൻസെന്റ്

,, ലൂഡി ലൂയിസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

"സീ -പ്ലെയിൻ " സർവ്വീസ്

8261 ശ്രീ. പി. സി. ജോർജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം "സീ-പ്ലെയിൻ" സർവ്വീസ് ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി; വർഷം തിരിച്ചുള്ള കണക്ക് നല്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി ഇതുവരെ സംസ്ഥാനത്തിന് എന്തു നേട്ടമുണ്ടാക്കാൻ കഴിഞ്ഞു;

(സി) "സീ-പ്ലെയിൻ" സർവ്വീസ് കാര്യത്തിൽ എന്തു തുടർനടപടികളാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ജലവിമാന സർവ്വീസ് ആരംഭിക്കാൻ നടപടി

8262 ശ്രീ. എസ്. ശർമ്മ
,, കെ. സുരേഷ് കുറുപ്പ്
,, സി.കെ. സദാശിവൻ
,, എ.എം. ആരിഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

( എ ) പ്രതിഷേധത്തെ തുടർന്ന് ഉപേക്ഷിച്ച ജലവിമാന സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി ) ജലവിമാന സർവ്വീസ് സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര വികസനം</u>

8263 ശ്രീ. റ്റി.എൻ. പ്രതാപൻ
,, എ.റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദവിനോദസഞ്ചാര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഹൈറേഞ്ച് ഇക്കോട്ടൂറിസം പദ്ധതി</u>

8264 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഹൈറേഞ്ച് ഇക്കോട്ടൂറിസം പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഹൈറേഞ്ച് ഇക്കോട്ടൂറിസം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ആരംഭിക്കേണ്ടിയിരുന്ന മലയോര ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതുവരെയായിയെന്ന് വെളിപ്പെടുത്താമോ;

(ഡി) മലയോര ഹൈവേ നടപ്പിലാക്കുന്നതിന്റെ ഭാഗമായി "ചെല്ലഞ്ചി" പാലത്തിന്റെ പുന:രുദ്ധാരണ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ഇ) മലയോര മേഖലകളെ ലക്ഷ്യമിട്ട് ഹൈറേഞ്ച് ഇക്കോട്ടൂറിസം പദ്ധതി നടപ്പിലായാൽ സർക്കാരിന് ടൂറിസം വകുപ്പിന്റേതായി അധിക വരുമാനം ലഭിയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് വിസ ഓൺ അറൈവൽ പദ്ധതി</u>

8265 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നടപ്പാക്കിയ ടൂറിസ്റ്റ് വിസ ഓൺ അറൈവൽ പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള വിദേശ രാജ്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയ ശേഷം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ ഇതര ഏഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് യൂറോപ്യൻ രാജ്യങ്ങളുടെ പങ്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഉത്തരവാദിത്വ വിനോദ സഞ്ചാരം 'വ്യാവസായിക കാഴ്ചപ്പാട്'

8266 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഉത്തരവാദിത്വ വിനോദ സഞ്ചാരം 'വ്യവസായിക കാഴ്ചപ്പാട്' എന്ന പേരിൽ നടത്തിയ ആദ്യ കോൺഫറൻസ് എത്രത്തോളം വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോൺഫറൻസ് വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ സേവനദാതാക്കൾക്ക് മനസ്സിലാക്കുന്നതിന് എത്രത്തോളം സഹായകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള ടൂറിസത്തിന്റെ അനന്ത സാധ്യതകൾ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി

8267 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും</u>
<u>മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ</u>

8268 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, പി.എ. മാധവൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പദ്ധതിയനുസരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതികൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവ്</u>

8269 ശ്രീ. സി. പി. മുഹമ്മദ്

" തേറമ്പിൽ രാമകൃഷ്ണൻ

" കെ. മുരളീധരൻ

" റ്റി. എൻ. പ്രതാപൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഈ സർക്കാരിന്റെ കാലത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) യു.എൻ.ഒ. യുമായി ബന്ധപ്പെട്ട ഏതെങ്കിലും ഏജൻസികളുടെ അവാർഡ് വിനോദ സഞ്ചാര വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിനു കീഴിലുള്ള വി.ഐ.പി. വാഹനങ്ങൾ</u>

T8270 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ആവശ്യത്തിനുവേണ്ടി എത്ര വാഹനങ്ങളുണ്ടെന്നും ഓരോന്നിന്റെയും രജിസ്ട്രേഷൻ നമ്പർ ഏതാണെന്നും വ്യക്തമാക്കുമോ ;

(ബി) മന്ത്രിമാരുടെയും വി.വി.ഐ.പി, വി.ഐ.പി കളുടെയും ആവശ്യത്തിനുവേണ്ടി ടൂറിസം വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലും എത്ര വാഹനങ്ങളുണ്ടെന്നും അവയുടെ ഓരോന്നിന്റെയും രജിസ്ട്രേഷൻ നമ്പർ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) മന്ത്രിമാരുടെയും ടൂറിസം വകുപ്പിന്റെയും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വാഹനങ്ങൾക്ക് വേഗപരിധി ബാധകമാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം വാഹനങ്ങളെ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് മോട്ടോർവാഹന നിയമത്തിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

8271 ശ്രീ. കെ. ശിവദാസൻ നായർ
,, എം.എ വാഹീദ്
,, സി.പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടെന്നും അതിൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്രയെന്നും വിദേശ വിനോദസഞ്ചാരികൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവരെ ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

അന്യസംസ്ഥാന ടൂറിസ്റ്റുകളെയും വിദേശടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനായി നടപടി

8272 ശ്രീ. എം. ഹംസ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അന്യസംസ്ഥാന ടൂറിസ്റ്റുകളെയും വിദേശടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; 1.7.2011 മുതൽ 31.3.2014 വരെ എത്ര തുക ചെലവഴിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ അധികാരത്തിൽവന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് 1.7.2011 മുതൽ 31.3.2014 വരെ സന്ദർശിച്ച ടൂറിസ്റ്റുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; അതിൽ ആഭ്യന്തര വിദേശ ടൂറിസ്റ്റുകളുടെ കണക്ക് പ്രത്യേകം പ്രത്യേകം നൽകാമോ ;

(ഡി) സംസ്ഥാനത്തെ ടൂറിസ്റ്റ് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ടൂറിസം വികസനത്തിനായി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

8273 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) 2012-13, 2013-14 വർഷങ്ങളിൽ ടൂറിസം വികസനത്തിനായി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കായംകുളം ജലോത്സവം

8274 ശ്രീ. സി.കെ. സദാശിവൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) പ്രസിദ്ധമായ കായംകുളം ജലോത്സവത്തിന് സർക്കാർ നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ജലോത്സവം നടക്കുന്ന കായൽ തീരത്തിന്റെ കിഴക്ക് ഭാഗത്തുള്ള ചതുപ്പ് ഭൂമി കരഭൂമിയാക്കി ഉയർത്തി പാർക്കിംഗിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വകുപ്പ് വഴി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ</u>

8275 ശ്രീ. വി. ശശി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വിനോദസഞ്ചാര വകുപ്പ് കഴിഞ്ഞ മൂന്ന് വർഷക്കാലം തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിയും നടപ്പാക്കുന്ന സ്ഥലങ്ങളും അവ ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുകയെത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്താമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ

8276 ശ്രീ. സി. ദിവാകരൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ബേക്കൽ ബീച്ച് പാർക്കിന് സമീപം പുതിയ പാർക്ക്

8277 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ബേക്കൽ ബീച്ച് പാർക്കിന് സമീപം പുതിയ പാർക്ക് സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ടോ ;

(ബി) എത്ര രൂപയാണ് നിർമ്മാണത്തിന് ചെലവായിട്ടുള്ളത് ; പ്രസ്തുത പാർക്ക് പൂർത്തിയാക്കി ടൂറിസ്റ്റുകൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക വേണ്ടിവരും; ആയത് ടൂറിസം വകുപ്പ് അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പണി പൂർത്തിയാക്കി ഈ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്കായി എന്ന് തുറന്ന് കൊടുക്കാനാവുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ബേക്കൽ ബീച്ച് പാർക്കിലെ കെ.ടി.ഡി.സി.ക്ക് കോട്ടേജുകൾ

8278 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ കെ.ടി.ഡി.സി.ക്ക് കോട്ടേജുകൾ നിർമ്മിക്കുന്നതിന് എത്ര ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി കെ.ടി.ഡി.സി. എത്ര കോട്ടേജുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ്

8279 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പണി പൂർത്തിയാക്കി മൂന്ന് വർഷം കഴിഞ്ഞിട്ടും ടൂറിസം എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത എയ്ഡ് പോസ്റ്റ് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

റാണീപുരം ഇക്കോ-ടൂറിസം പദ്ധതി

8280 ശ്രീ. ഇ. ചന്ദ്രശേഖരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കാസർഗോഡ് ജില്ലയിലെ റാണീപുരം ഇക്കോ-ടൂറിസം പദ്ധതി പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ വിനോദ സഞ്ചാരവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>

8281 ശ്രീ. ആർ. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര വെട്ടിക്കോട്ട് ചാൽ നവീകരണവുമായി ബന്ധപ്പെട്ട് എം.എൽ. എ. നൽകിയ വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഇതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ;

(സി) 2014-15 വർഷത്തിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

നിളയുടെ ടൂറിസം സാധ്യതകളെ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ

8282 ശ്രീ. എം. ഹംസ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിളയുടെ ടൂറിസം സാധ്യതകളെ സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചെലവുകൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയോ എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

"വൺഡേ ടൂറിസം പാക്കേജ്"

8283 ശ്രീ. ജോസ് തെറ്റയിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കാലടി, മലയാറ്റൂർ തുടങ്ങിയ പഞ്ചായത്തുകളെയും മണപ്പാട്ടുചിറ, പ്ലാന്റേഷൻ, ഏഴാറ്റുമുഖം, അതിരപ്പിള്ളി, മഹാഗണിത്തോട്ടം, കോടനാട് തുടങ്ങിയ പ്രദേശങ്ങളെയും ഉൾക്കൊള്ളിച്ച് കൊണ്ട് "വൺ ഡേ ടൂറിസം പാക്കേജ്" ന് രൂപം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലേക്കുള്ള കാലടി-മലയാറ്റൂർ റോഡ്, മഞ്ഞപ്ര-നടുവട്ടം, മലയാറ്റൂർ, ഏഴാറ്റുമുഖം, അതിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിനായി ടൂറിസം വകുപ്പ് നടപടി സ്വികരിക്കുമോ;

(സി) ഏഴാറ്റുമുഖത്തേയും തുമ്പൂർമുഴിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെയും മഹാഗണിത്തോട്ടത്തിന്റെയും, ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തിന്റെയും നിർമ്മാണത്തിനും നവീകരണത്തിനും നടപടി സ്വീകരിക്കുമോ;

(ഡി) മഹാഗണിത്തോട്ടത്തെ എക്കോ ടൂറിസം സെന്ററാക്കി വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ടൂറിസം കോഴ്സുകൾ

8284 ശ്രീ. കെ. അജിത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ ടൂറിസം സംബന്ധമായി നടത്തപ്പെടുന്ന കോഴ്സുകൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ സ്ഥാപനങ്ങളാണ് നടത്തുന്നതെന്നും പ്രസ്തുത കോഴ്സുകൾക്ക് സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടത്തപ്പെടുന്ന ടൂറിസം കോഴ്സുകൾ പാസ്സായവർക്ക് വിനോദസഞ്ചാര വകുപ്പിൽ നിയമനം നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ടൂറിസം വകുപ്പിലെ ഡയറക്ടർക്ക് താഴെയുള്ള തസ്തികകളും പ്രസ്തുത തസ്തികകൾക്ക് ആവശ്യമായ അടിസ്ഥാനയോഗ്യതകളും ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ടൂറിസം കോഴ്സുകൾ</u>

8285 ശ്രീമതി പി. അയിഷാ പോറ്റി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് ടൂറിസം കോഴ്സുകൾ നടത്തുന്ന സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; കോഴ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ടൂറിസം കോഴ്സുകളുടെ നിലവാരം ഉയർത്തുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡി.ടി.പി.സി. സെക്രട്ടറിമാരുടെ വിദ്യാഭ്യാസ യോഗ്യത

8286 ശ്രീ. പി. തിലോത്തമൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിമാരായി വിവിധ ജില്ലകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർ ടൂറിസം ഡിപ്ലോമയോ ഡിഗ്രിയോ പാസായിട്ടുള്ളവരാണെന്ന പറയാമോ;

(സി) വിനോദസഞ്ചാരമേഖലയുടെ വിവിധ സാധ്യതകൾ പഠിക്കുകയും പ്രസ്തുത മേഖലയിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യതകൾ നേടുകയും ചെയ്തവരെ ഡി.ടി.പി.സി. സെക്രട്ടറിമാരായി നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന പറയാമോ; ഇപ്രകാരം വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ ഇത്തരം പദവികളിൽ നിയമിക്കുന്നതുകൊണ്ടാണ് ടൂറിസം മേഖലയിൽ ആവശ്യമായ പുരോഗതി നേടാത്തതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ലൈഫ് ഗാർഡുമാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

8287 ശ്രീ. സി. കൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ടൂറിസം വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുമാരെ സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ലൈഫ് ഗാർഡുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജോലി ഭാരത്തിനനുസരിച്ച് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ലൈഫ് ഗാർഡുകൾക്ക് ആധുനിക രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡി.ടി.പി.സി.കളിൽ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ

8288 ശ്രീമതി പി. അയിഷാ പോറ്റി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) ഡി.ടി.പി.സി.കളിൽ ജോലിചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വികസന വകുപ്പിൽ മാനേജർ ഗ്രേഡ് 1</u>

8289 ശ്രീ. ഇ. പി. ജയരാജൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) വിനോദസഞ്ചാര വികസന വകുപ്പിൽ മാനേജർ ഗ്രേഡ് 1 തസ്തികയിലേയ്ക്ക് തസ്തിക മാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് ഫീഡർ കാറ്റഗറിയിലുള്ള ജീവനക്കാരുടെ യോഗ്യതയിൽ സാങ്കേതിക പരീക്ഷാകൺട്രോളർ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റായ ഫുഡ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് ഇൻ ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആന്റ് ടൈപ്പ് റൈറ്റിംഗ് എന്നിവ മതിയായ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജൂലൈ 8.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.